**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 112** **29-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ക്രമസമാധാനം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമാധാന അന്തരീക്ഷം നിലനിർത്തുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് കേരളം സ്വീകരിക്കുന്നത് എന്ന് നീതി ആയോഗ് വെളിപ്പെടുത്തിയ സാഹചര്യം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സമാധാന അന്തരീക്ഷം നിലനിർത്തുന്നതിലേക്ക് പോലീസ് വിവിധങ്ങളായ നടപടികൾ സ്വീകരിച്ചു വരുന്നു. സമാധാനാന്തരീക്ഷം തകർക്കുന്ന ഛിദ്ര ശക്തികളുടെ പ്രവർത്തന മേഖലകളിൽ നിരന്തരമായ പോലീസ് നിരീക്ഷണവും പട്രോളിങ്ങും ഏർപ്പെടുത്തിയും അവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം സാമുദായികവും വർഗ്ഗീയവുമായ കലാപങ്ങൾക്ക് ആഹ്വാനം നടത്തുന്ന രീതിയിൽ സോഷ്യൽ മീഡിയ വഴിയും മറ്റ് ഇതര മാധ്യമങ്ങളിലൂടെയും നടത്തുന്ന സന്ദേശങ്ങളും വാർത്തകളും നിർമ്മിക്കുന്നവരെയും പ്രചാരം നടത്തുന്നവരെയും കണ്ടെത്തി അവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. അപ്രകാരമുള്ള വാർത്തകളും സന്ദേശങ്ങളും സൈബർ ഇടങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൊലപാതകം, തട്ടിക്കൊണ്ട് പോകൽ തുടങ്ങിയ ഹീനമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തും പ്രതികളെ ഉടനെ തന്നെ അറസ്റ്റ് ചെയ്തും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. മോഷണം, പിടിച്ചുപറി തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്നും, സമൂഹത്തിലെ സമാധാനാന്തരീക്ഷം തകർക്കുന്ന മയക്കുമരുന്ന് ഗുണ്ടാ മാഫിയ സംഘങ്ങൾക്കെതിരെ KAAPA, PIT, NDPS ഉൾപ്പെടെയുള്ള നിയമങ്ങൾ പ്രയോഗിച്ച് തുടർ കുറ്റകൃത്യങ്ങൾ ഉണ്ടാകുന്നത് തടയുന്നു. കൂടാതെ കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളിൽ സമയബന്ധിതമായി കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചും, ജനങ്ങളുടെ സമാധാനാന്തരീക്ഷം തകർക്കുന്ന തീവ്രവാദ, ഭീകരവാദ പ്രവർത്തനങ്ങളെ പ്രാരംഭ ഘട്ടത്തിൽ തന്നെ അമർച്ച ചെയ്തും, പൊതു മുതലുകൾ സ്വകാര്യ മുതലുകൾ തുടങ്ങിയവ കുറ്റകരമായി നശിപ്പിക്കുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചും, സംഘർഷ സാധ്യതാ പ്രദേശങ്ങളിൽ സമാധാന ചർച്ചകൾക്ക് നേതൃത്വം നൽകിയും, ജനമൈത്രി പോലുള്ള സംവിധാനങ്ങളിലൂടെ സമാധാന അന്തരീക്ഷം സുസ്ഥിരപ്പെടുത്തിയും സംസ്ഥാനത്ത് സമാധാനാന്തരീക്ഷം നിലനിർത്തി വരുന്നു. |
| (ബി) | സമാധാന അന്തരീക്ഷം തകർക്കാനും സംസ്ഥാനത്തെ ഒരു കലാപഭൂമിയാക്കി മാറ്റാനുമുള്ള ഉദ്ദേശത്തോടുകൂടി ചിലർ നടത്തിയതായി പറയപ്പെടുന്ന വ്യാജ പ്രസ്താവനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | **ഇത്തരത്തിൽ സമൂഹത്തിൽ സ്പർദ്ധ വളർത്തുന്ന തരത്തിലുള്ള ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വ്യാജ പ്രസ്താവനകൾ നടത്തി സമൂഹത്തിൽ വിഭാഗീയത സൃഷ്ടിക്കാൻ ശ്രമിക്കുന്ന സംഭവങ്ങൾ വളരെ ഗൗരമായി കാണുകയും സാമൂഹിക മാധ്യമങ്ങൾ വഴി മത സാമുദായിക ഐക്യം തകർക്കുന്ന തരത്തിലുള്ള പ്രവർത്തികളിൽ ഏർപ്പെടുന്നവരെ നിരന്തരമായി നിരീക്ഷണം നടത്തിയും സൈബർ പട്രോളിംങ് നടത്തി ഇത്തരക്കാരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചും ഇപ്രകാരമുള്ള സന്ദേശങ്ങളും വാർത്തകളും സൈബർ ഇടങ്ങളിൽ നിന്നും നീക്കം ചെയ്തും, കൂടാതെ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഇത്തരം പ്രവർത്തികൾ നിരീക്ഷിച്ചും സംസ്ഥാനത്ത് സൗഹാർദ്ദ അന്തരീക്ഷം തകരാതിരിക്കുവാനുള്ള ശക്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.** |
| (സി) | രാജ്യത്ത് വിവിധ സ്ഥലങ്ങളിൽ വർഗ്ഗീയ സംഘർഷങ്ങൾ മൂലം സമാധാന അന്തരീക്ഷം തകരാറിലായതായി പറയപ്പെടുന്ന സാഹചര്യത്തിലും സമാധാനം പുലർത്താൻ ജാഗ്രതയോടെ പ്രവർത്തിക്കുന്ന പോലീസ് സേനയേയും സർക്കാരിനേയും ഇകഴ്ത്തി കാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഈ പ്രസ്താവനകളുടെ പിന്നിലെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | **രാജ്യത്ത് വിവിധ സ്ഥലങ്ങളിൽ വർഗ്ഗീയ സംഘർഷങ്ങൾ മൂലം സമാധാന അന്തരീക്ഷം തകരാറിലായതായി പറയപ്പെടുന്ന സാഹചര്യത്തിലും സമാധാനം പുലർത്താൻ ജാഗ്രതയോടെ പ്രവർത്തിക്കുന്ന സംസ്ഥാന പോലീസ് സേനയേയും സംസ്ഥാന സർക്കാരിനെയും ഇകഴ്ത്തിക്കാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമാണ് ഇത്തരം പ്രവർത്തനങ്ങൾ എന്ന് അനുമാനിക്കാവുന്നതാണ്.** |
| (ഡി) | പ്രസ്തുത സാഹചര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കാൻ സർക്കാർ പോലീസിന് നിർദ്ദേശം നല്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | **സമാധാന അന്തരീക്ഷം തകർക്കുന്ന തരത്തിലുള്ള എല്ലാതരം പ്രവർത്തനങ്ങളും തടയുന്നതിന് സംസ്ഥാന പോലീ**സിലെ വിവിധ വിഭാഗങ്ങൾ ജാഗ്രതയോടെ പ്രവർത്തിച്ച് വരുന്നു. ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ നിയമ നടപടികൾ സ്വീകരിച്ച് സമാധാന അന്തരീക്ഷം |

| | | | |
|---|---|---|---|
| | | | കാത്തുസൂക്ഷിക്കുംവിധമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ